പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3579 — 25.06.2013 ൽ മറുപടിക്ക്

# ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം

## ചോദ്യം

ശ്രീ. വർക്കല കഹാർ
ശ്രീ. ശിവദാസൻ നായർ
ശ്രീ.പി.സി. വിഷ്ണുനാഥ്
ശ്രീ.കെ. അച്ചുതൻ

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

## മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ)യും (ബി)യും.

ഉണ്ട്. സംസ്ഥാന വൈദ്യുതി ബോർഡ് 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 72.2MW-ന്റെ 11 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ ഈ കാലയളവിൽ 124MW-ന്റെ 5 ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാനും അതിരപ്പിള്ളി ( 163MW), പൂയംകുട്ടി (210MW) എന്നീ ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാനും ലക്ഷ്യമിടുന്നു.

സ്വകാര്യ മേഖലയുടെ സഹകരണത്തോടെ മത്സരദർഘാസ് പ്രകാരം പുതുക്കിയ SHP Policy 2012 -ന് വിധേയമായി 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ Build, Own, Operate and Transfer (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള ദർഘാസ്

(...2)

നടപടികൾ നടന്നുകൊണ്ടിരിക്കുന്ന സ്വകാര്യ മേഖലയുടെ മുതൽമുടക്കിൽ പദ്ധതി നടപ്പിലാക്കുകയും ഇങ്ങനെ വരുന്ന IPP പദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ കെ.എസ്.ഇ.ബിയ്ക്ക് കൊടുക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ക്യാപ്റ്റീവ് മേഖലയിൽ വരുന്ന പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി അവരുടെ കമ്പനിയുടെ പ്രവർത്തനത്തിന് എടുക്കുവാനും വിഭാവനം ചെയ്തിരിക്കുന്നു. അലോട്ട് ചെയ്ത് മുപ്പതുവർഷങ്ങൾക്ക് ശേഷം ഈ പദ്ധതികൾ സർക്കാരിലേയ്ക്ക് തിരിച്ച് ഏല്പിക്കണം. .

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികളുടെ സ്ഥാപിത ശേഷി എത്രയാണ്; വിശദമാക്കുമോ;<br><br>(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | <u>(സി)യും (ഡി)യും.</u><br><br>കെ.എസ്.ഇ.ബിയെ സംബന്ധിക്കുന്ന വിവരം <u>അനുബന്ധം - 1- ആയി ചേർക്കുന്നു.</u><br><br>സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 222MW-ന്റെ അധിക സ്ഥാപിത ശേഷിയും ഏകദേശം 613Mu വൈദ്യുതി ഉല്പാദനവുമാണ് പ്രതീക്ഷിക്കുന്നത്.<br><br>ഈ 62 പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം- 2-ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ...